little KITEs



# ചിറകുകൾ

പരുതൂർ ഹൈസ്കൂൾ പള്ളിപ്പുറം

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# തയ്യാറാക്കിയത്.......

## ലിറ്റിൽ കൈറ്റ്സ്

### പരുതൂർ ഹൈസ്കൂൾ പള്ളിപ്പുറം

# എഡിറ്റോറിയൽ ബോർഡ്





## ലിറ്റിൽ കൈറ്റ്സ്

പരുത്തൂർ ഹൈസ്ക്കൂൾ പള്ളിപ്പുറം

# പതങ്ങളൂർ ഹയർസെക്കന്ററി സ്ക്രൂൾ പള്ളിപ്പുറം

## ഡിജിറ്റൽ മാഗസിൻ 2019-20

## ചിറകുകൾ




പരുത്തൂർ ഹയർസെക്കന്ററി സ്കൂൾ പള്ളിപ്പുറം
പരുതൂർ ഹയർ സെക്കന്ററി സ്കൂൾ
പള്ളിപ്പുറം - കാരമ്പത്തൂർ പ.ഒ
ഫോൺ: 0466 2238430



പരുത്തൂർ ഹയർ സെക്കണ്ടറി സ്കൂൾ, പള്ളിപ്പുറം
SSLC - 2019
99.17% വിജയം
വിദ്യഭ്യാസ ജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികൾ സമ്പൂർണ്ണ A+ നേടിയ പൊതു വിദ്യാലയം
ജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികൾ (962) പരീക്ഷയെഴുതിയ വിദ്യാലയം
ജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികൾ (954) ഉപരി പഠനത്തിന് അർഹത നേടിയ വിദ്യാലയം
67 സമ്പൂർണ്ണ A+
44 കുട്ടികൾക്ക് 9A+
സമ്പൂർണ്ണ A+ ജേതാക്കൾ
ADITHYA
AMRUTHA .KR
AMAN RAHMAN.KP
AISWARYA RAMESH
ABHIJITH.C
AMRUTHA KRISHINA
ANJALI.P
ANJALI KRISHNA
ANJALI.TT
ANJANA.PK
ARCHANA.PS
ARUNIMA
ARYA.KS
ASMA THASNI
ASWAN.A
ASWANI.P
ATHIRA.S
ATHIRATH.PK
DEEPA.M
DEVIKA.V
DILSHA.KK
FAMITHA SHERIN
FARSANA JASMIN
FATHIMA AFRA.KT
FATHIMA MEHARSHA
FATHIMA MINSHA.O
FATHIMA SHAFNA
FATHIMA SHIFNA.MT
FATHIMA SAFA.K
GOURI.T
HAMNA THAHSEEN
HARSHANA SHERIN
HASNA
HIBA FATHIMA.E
JABNA.T
KRISHNA PRIYA.PK
MEHNA.V
IMANA MEHFIL.PT
KRISHNA.PK
MIRFA BATHOOL
MOHAMMED MAHROOF
MOHAMMED SAHAL
MOHAMMED NASHID
MRUTHULA. VN
MUHAMMED AJLAN.KP
MUHAMMED AJMAL.MT
MUHAMMED MUSTHAFA
MUHAMMED MUBASHIR.VP
MUHAMMED NISHAD.MP
NANDANA.C JAYANA
NANDANA.K
NANDANA.PR
NEERAJA.PT
NEETHU.KP
NIHMA.VP
NIRANJANA. JS
NITHISHA.S
PARVATHY.S
RANJANA.M
RINSHA
RIZA HANAH
SANGEETHA.S PRASAD
SARANJITH. CS
SHAMEEMA. A
SMISHA.KR
SREE JISHA.PK
SREEBADRA.S
വിജയികൾക്ക് അഭിനന്ദനങ്ങൾ
P.H.S.S PALLIPPURAM

# കുട്ടി ടീച്ചർ









...ക മണികണ്ഠൻ, ഷൌക്കത്ത് കിഴുമുറി സംസാരിച്ചു.

...ണ് സൗജന്യമായി നൽകുന്നത്. ഇതിന് 17 ലക്ഷം രൂപ വകയിരു...

സൗജന്യമായി നൽകുമെന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജിഷാ...

## 'കുട്ടി ടീച്ചർ' ക്യാംപ് ഉദ്ഘാടനം ചെയ്തു

പട്ടാമ്പി: പരുതൂർ ഹൈസ്കൂളിൽ പുതിയ വർഷത്തെ എസ്എസ്എൽസി കുട്ടികളുടെ ആദ്യ അക്കാദമിക് പദ്ധതിയായ 'കുട്ടി ടീച്ചർ' ക്യാംപിന് തുടക്കമായി. പ്രധാനാധ്യാപിക പി.ഡി അരുണ അധ്യക്ഷയായി. മുൻ പ്രധാനാധ്യാപകൻ ഒ. രാജഗോപാലൻ മാസ്റ്റർ പദ്ധതി ഉദ്ഘാടനം ചെയ്തു. അധ്യാപന കലയുടെ വിവിധ തലങ്ങളെ കുറിച്ച് ഉദ്ഘാടകൻ കുട്ടി ടീച്ചർമാരുമായി സംവദിച്ചു.

കുട്ടികളിലെ ഭാഷാ പ്രാവീണ്യം വളർത്തുക, ആത്മവിശ്വാസം വളർത്തുക, പഠനം ആകർഷണമാക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. മെയ് 13 മുതൽ 22 വരെയാണ് ക്യാംപ് നടക്കുക. ഗിരീഷ് കുമാർ, സി.പി സൈതലവി, കെ.സി ഷാജി സംബന്ധിച്ചു.

പരുതൂർ ഹൈസ്കൂളിലെ 'കുട്ടി ടീച്ചർ' അക്കാദമിക് പദ്ധതി ഒ. രാജഗോപാലൻ മാസ്റ്റർ ഉദ്ഘാടനം ചെയ്യുന്നു



# പ്രവേശനോത്സവം -2019 ജൂൺ 6



# വായനാ ദിനം



# വിജയോത്സവം2019








## പരുതൂർ ഹയർ സെക്കൻഡറി സ്കൂളിൽ വിജയോത്സവം

പട്ടാമ്പി: പരുതൂർ ഹയർ സെക്കൻഡറി സ്കൂളിൽനിന്ന് കഴിഞ്ഞ വർഷം എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ മികച്ച വിജയം കരസ്ഥമാക്കിയ വിദ്യാർഥികളെ അനുമോദിക്കാൻ വിജയോത്സവം സംഘടിപ്പിച്ചു. സിവിൽ സർവിസ് റാങ്ക് ജേതാവ് പി. മുഹമ്മദ് സജാദ് മുഖ്യാതിഥിയായി. ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ടി. ശാന്തകുമാരി ഉദ്ഘാടനം ചെയ്തു. പി.ടി. അബൂബക്കർ അധ്യക്ഷത വഹിച്ചു. എസ്.എസ്.എൽ.സി, പ്ലസ് ടു ഉന്നത വിജയികൾക്ക് പുറമെ പ്ലസ് വൺ, എൻ.എം.എം.എസ് സ്കോളർഷിപ്, വിവിധ എൻഡോവ്മെൻ

പരുതൂർ ഹയർ സെക്കൻഡറി സ്കൂൾ വിജയോത്സവത്തിൽ പി. മുഹമ്മദ് സജാദ് സംസാരിക്കുന്നു

എ പ്ലസും നേടി വിദ്യാലയം ഒറ്റപ്പാലം വിദ്യാഭ്യാസ ജില്ലയിൽ ഒന്നാമ

ദേവി, ഗിരിജ, വി.സി. അച്യുതൻ, വി.സി. രാമൻ, ശിവശങ്കരൻ, കെ.









പട്ടാമ്പി സബ്ജില്ലാതല അലിഫ് അറബിക് ടാലന്റ് ടെസ്റ്റിൽ (ഹൈ സ്കൂൾ വിഭാഗം) ഒന്നാം സ്ഥാനം നേടി ജില്ലാതല മത്സരത്തിലേക്ക് യോഗ്യത നേടിയ ഫാത്തിമ മുർഷിദ.എം



# ആറ്റൂർ അനുസ്മരണം







# സ്കൂൾ കലോത്സവം 2019-20














# പരുത്തൂർ ഹയർസെക്കന്ററി സ്കൂൾ പള്ളിപ്പുറം

## സ്കൂൾ സ്പോർട്സ് 2019-20








# DIGITAL POOKKALAM



സ്വരൂപ് കൃഷ്ണൻ എം



സ്വാലിഹ് കെ പി



അമിത് കുമാർ

# കുട്ടികളുടെ കലാസൃഷ്ടികൾ



എൻ സഹല പി കെ



അഖില എ

# ദിനാചരണങ്ങൾ


OIL CONSERVATION
TOWARDS FOR
BETTER HEALTHY
AND ENVIRONMENT
Save Fuel
Save Nature


OiL CONSERVAtiOn
toWARDS FOR
BEttER HEltH AnD
ENViROn mENT

# صبح

ഉറുദു കവിത.
ത്വാഹിറ ഷെറിൻ വി.ടി. 9 A

ہر جگا پھیلی اجالا   جاگی وہ زندگانی

وہ پھول مسکراے        آیا صبح ے کھانی

دیکھو وہ صبح آی

دیکھو وہ صبح آی

اڑھو اڑھو سونے والو   جاگو جاگو سونے والو

اپنا اپنا  کام سنبھالو    سورج آسمان سے نکالا

دیکھو وہ صبح آی

دیکھو وہ صبح آی

چڑیوں نے گھونسلے میں  خوشیوں سے چہ چھاتی

شاخوں میں پھول کھلتی   آنگن میں خوشبو پھیلتیھو وہ صبح آی

دیکھو وہ صبح آ

دیکی

درتھی سنم سے پھری    پیڑوں سنم سے پھری

آنگن کے باغیچے میں    ٹھنڈی ٹھنڈی ہوا چلی

دیکھو وہ صبح آی

دیکھو وہ صبح آی

مرغا نے ککڑوں کوں بولی  کوئے نے  کلیےں بولی

کوئل نے کو کو بولی     چڑیوں نے شور مچا تے

دیکھو وہ صبح آی

دیکھو وہ صبح آی

ഉറുദു കവിത.

താഹിറ ഷെറിൻ വി.ടി. 9 A




അഖില എ

# ചൂണ്ടുവിരൽ

ഷബ്ന ഷെറി
10 L

അവരുടെ ചുണ്ടിൻ
മുകളിലിരുന്ന്
എന്റെ നാവിനെ
തളക്കുമ്പോൾ
അവനൊറ്റക്കായിരുന്നു
യുദ്ധ കൊതി മൂത്ത
പടയാളിയെ പോലെ

എന്റെ ഹൃദയം
തുളക്കുമ്പോഴും
അവനൊറ്റക്കായിരുന്നു
അവന്റേതൊരു
ഏകാധിപതിയുടെ
ജന്മമായിരുന്നു




എൻ സഹല പി കെ

പവിത്ര എം ഡി
8F

# ആസ്വാദനക്കുറിപ്പ്

## (ബിരിയാണി)

വിശപ്പിന്റെ വിളി

ബെന്യാമിന്റെ ആടുജീവിതത്തിനു ശേഷം മലയാളക്കര ചർച്ച ചെയ്ത കൃതിയാണ് സന്തോഷ് ഏച്ചിക്കാനത്തിന്റെ ( ബിരിയാണി) വിശപ്പ് മനുഷ്യന്റെ അടിസ്ഥാന വികാരമാണ് മൂന്ന് നേരം നന്നായി ഭക്ഷണം കഴിക്കുന്ന നമുക്ക് അതിന്റെ വിലയറിയണമെന്നില്ല. അത് നമ്മളിലേക്ക് എത്തിക്കുന്ന ഒരു കൃതിയാണ് ബിരിയാണി. 80 വയസ്സായ കാലന്തൻ ഹാജിയുടെ പിറന്നാളിന് ദം ബിരിയാണി ഉണ്ടാകുന്നതും അവിടെ പണിയെടുക്കാനായി വരുന്ന ഗോപാൽ യാദവിനെയും കൊണ്ടാണ് ഈ കഥ മുന്നോട്ട് പോവുന്നത്.

ആസാമിലെ തിങ്ങി പാർക്കുന്ന പട്ടിണി കുടുബങ്ങളിലെ ഒരു അംഗമാണ് ഗോപാൽ യാദവ് പ്രമാണികളായ

പരിഷ്കാരികൾഎന്നും ബുദ്ധി ശാലികളെന്നും, നടിക്കുന്ന ഒരു പാട്

പേർ പങ്കെടുത്ത  പിറന്നാളിലെ ബാക്കി വന്ന കുഴിമന്തി കുഴിച്ചു മൂടാൻ നിയോഗിക്കെപ്പെട്ടത് ഗോപാൽ

യാദവാണ് .അതിനിടെ കലന്തൻ ഹാജിയുടെ മകളുടെ മകൻ അദ്ദേഹത്തോട് വിവരങ്ങൾ ചോദിച്ചറിയുകയും

അപ്പോൾ തനിക്ക് ബസന്തി എന്ന് പേരുള്ള ഒരുമകളുണ്ടെന്നും അവൾ വിശപ്പ് കാരണം മരണമടഞ്ഞു

എന്നും അതിനാൽ തന്നെ പ്രേമിക്കേണ്ടിയിരുന്ന ഒരു കുട്ടി വിട്ടകന്നുപോയല്ലോ എന്ന ദുഃഖത്തിലാണ് ഈ

കഥ അവസാനിക്കുന്നത്.അതിനോടൊപ്പം തന്നെ ഗോപാൽ യാദവിന്റെ ജീവിത ചിത്രം ഈ കഥയ്ക്ക്

കൂടുതൽ ചാരുത നൽകുന്നു

ഭക്ഷണം അത് രണ്ട് തരത്തിൽ ഉപയോഗിക്കുന്ന ജനവിഭാഗം നമ്മുടെ നാട്ടിലുണ്ട്. ഒന്ന് പ്രൗഢിയുടെയും ആഢംബരത്തേയും കാണിക്കാനായി ഉപയോഗിക്കുന്നവരും വിശപ്പടക്കാനായി ഉപയോഗിക്കുന്നവരും.നാല് നേരം വയറ് നിറയെ ഭക്ഷണം കഴിച്ച്ബാക്കി കളയുന്ന നമുക്ക് ഒരു പക്ഷേ  ഒരുവറ്റിന്റെ വിലയറിയണമെന്നില്ല.എന്നാൽ നാംകളയുന്ന ഒരോ വറ്റും കിട്ടാതെ ഒരു പാട് ബസ് മതിമാർ ലോകത്ത് ഉണ്ട് എന്ന സത്യം നാംമറന്നു കൂടാ. ഇപ്പോഴും നമ്മുടെ ലോകത്ത് ഗോപാൽ യാദവ് മാർ ജിവിച്ചിരിക്കുന്നുണ്ട്.ഭക്ഷണം കിട്ടാതെ വിശന്നു മരിക്കാൻ പോകുന്നകുട്ടിയെ ഭക്ഷണമാക്കാൻ കാത്തിരുന്ന ഗരുഡന്റെ ലോക പ്രസിദ്ധ ചിത്രം ഇതിനോട് സാമ്യം പുലർത്തുന്നു. ഇനിയെങ്കിലും നമുക്ക് കിട്ടുന്ന ഭക്ഷണം ബസ് മതി മാർക്ക് പങ്കുവെക്കാനുംപാഴാക്കാതിരിക്കാനും ശ്രദ്ധിക്കണം എന്നതിൻ്റെ പ്രസക്തി ഈ കഥ വിളിച്ചോതുന്നു



# മനസ്സ്

ഒരു കവിത എഴുതുവാൻ
മോഹവും പേറി ഞാൻ
ഒരു പാടു കാലം അലഞ്ഞു....
തരളിതചിന്തകൾ
ഹൃദയത്തിൽ നിറയവേ
ഒരു പാട് സത്യങ്ങൾ
കവിതയായ് തീർന്നിടും

എൻ മാനസ ചിന്തകൾ
എവിടെയോ ഒഴുകി തീർ-
ന്നൊരിക്കൽ മുദ്രയായ്
മാറുന്ന പ്രപഞ്ചത്തിൻ
കമനീയ ചിത്രം ഞാൻ
കവിതയായ് തീർത്തിടും......

നിരഞ്ജന കെ (9L)

# ശൂന്യത

ഒരില പഴുത്ത്
താഴെ വീഴുമ്പോൾ
മാത്രമാണ്
ശൂന്യതയെ കുറിച്ച്
കൊമ്പ് ചിന്തിക്കുന്നത്

ഷബ്ന ഷെറി
10 L

# വഴിയോരക്കാഴ്ചകൾ.

പ്രിയ.എം (ശാസ്ത്ര അധ്യാപിക )

ജീപ്പ് പിറകോട്ട് എടുത്തപ്പോൾ താത്രി ആകെയൊന്ന് ആടിയുലഞ്ഞു. പക്ഷേ അത് അവളെ ഒട്ടും തന്നെ അലോസരപ്പെടുത്തിയില്ല .ഒരു ഉണർവ് അവളും ആഗ്രഹിച്ചതായിരുന്നല്ലോ പാറുവമ്മ എവിടെ? നെറ്റിയിലേയ്ക്ക് വീണ മുടിയിഴകളെ ഒതുക്കി കൊണ്ട് അവൾ കണ്ണ് കൊണ്ടൊന്നാരാഞ്ഞു. ഉണ്ട് തന്റെ അടുത്ത് എന്നാൽ തന്നിൽ നിന്ന് അല്പം അകലെയായി മുൻ സീറ്റിനോട് ചേർന്ന് ഇരുപ്പുണ്ട് അശ്രീകരം. ഇതിനുടുക്കാൻ നല്ലതൊന്നും ഇല്ലേ? ഇല്ലത്തുന്ന് പോരുമ്പോ അലക്കി വെളുപ്പിച്ച മുണ്ടും തോർത്തും മഞ്ഞ ജാക്കറ്റുമായിരുന്നല്ലോ ഇവരുടെ വേഷം.എപ്പോഴാണാവോ ഈ വേഷപ്പകർച്ച ഉണ്ടായത്. കാക്കി നിറം അവർക്ക് ഒട്ടും തന്നെ ഇണങ്ങുന്നില്ല എന്ന് തോന്നി താത്രിക്കുട്ടിക്ക്.ആ..' എന്തെങ്കിലുമാവട്ടെ. ചിറി ഇടതുവശത്തേക്ക് കോട്ടി അവൾ ഉള്ളിൽ മന്ത്രിച്ചു. അല്ലെങ്കിലും ചേർച്ചകളേയും ചേർച്ചക്കേടുകളേയും കുറിച്ച് പറയാൻ ഞാനാരാ? ഇന്നലെ മുഴുവൻ ഈ അശ്രീകരത്തിനോട് വാതോരാതെ സംസാരിക്കുകയായിരു ന്നല്ലോ താൻ .വായ കടഞ്ഞിട്ട് വയ്യ... കണ്ണുകൾ ഇറുക്കിയടച്ച് ഉറക്കത്തെ തന്നിലേക്ക് ആവാഹിക്കാൻ ശ്രമിച്ചു കൊണ്ടിരുന്ന താത്രി.താത്രിക്ക് തൊട്ടിരിക്കുന്ന പാറുവമ്മയുടെ കണ്ണുകൾ മുൻസീറ്റിലിരുന്ന് വഴിയോരക്കാഴ്ചകൾ കാണുന്ന സ്വാർത്ഥ നിലായിരുന്നു.

താത്രിയേയും കൊണ്ടുള്ള ഈ യാത്ര തന്നെപ്പോലെ തന്നെ സ്മാർത്തനേയും ആകെയൊന്നുലച്ചിട്ടുണ്ട്. എത്ര ദിവസമായി ഈ യാത്ര തുടങ്ങിയിട്ട്. കാണാക്കാഴ്ചകൾ പലതും കണ്ടു. പല തരം ഭാഷകൾ, പലതരം ഭക്ഷണങ്ങൾ,പല തരം ആളുകൾ,പല തരം പദവികൾ

കാണുന്നതും കേൾക്കുന്നതും പാറുവമ്മ അപ്പോൾ തന്നെ മറക്കണം .സ്മാർത്തന്റെ ആജ്ഞയാണത്. അനുസരിക്കാതെ വയ്യ. വയറ്റിപ്പിഴപ്പല്ലേ .സ്മാർത്തൻ വെറ്റിലചെല്ലം തുറന്ന് വിസ്തരിച്ചൊന്ന് മുറുക്കുവാനുള്ള ശ്രമത്തിലാണ്.ജീപ്പിപ്പോൾ നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളിലൂടെയാണ് ഓടുന്നത്. തിരക്ക് പിടിച്ച വഴിയോരക്കാഴ്ചകൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു .അവിടവിടെ കാണുന്ന ചെറിയ ചെറിയ ഷോപ്പുകളും ലെയ്ത്തുകളും പച്ചക്കറി മാർക്കറ്റ്കളും അധികം വിദൂരമല്ലാത്ത പച്ചപ്പ് നിറഞ്ഞ ഒരു ഗ്രാമം ഉണ്ടെന്ന തോന്നൽ സ്മാർത്തനിൽ നിറച്ചു.

സ്മാർത്തന്റെ ചിന്തയിലും പാറുവമ്മയും താത്രിയും തന്നെയായിരുന്നു. എവിടുന്നു കിട്ടി ഇവൾക്കി ധൈര്യം ?കല്ലിനേപ്പോലും തുളക്കുന്നതായിരുന്നു തന്റെ ചോദ്യശരങ്ങൾ' എന്നിട്ടും അവൾ പിടിച്ചു നിന്നു.84 പേരുടെ പേരുകൾ പറഞ്ഞ് കഴിഞ്ഞിരിക്കുന്നു. എല്ലാം പലതരം പദവികൾ അലങ്കരിക്കുന്നവർ.

ഇടക്കെപ്പോഴോ കേട്ട പേരിൽ താൻ വല്ലാതെ അസ്വസ്ഥനാവുന്നത് സ്മാർത്തൻ അറിഞ്ഞിരുന്നു. പക്ഷേ തന്റെ ചുഴിഞ്ഞ് ചുഴിഞ്ഞുള്ള ചോദ്യങ്ങൾക്ക് ഒന്നും തന്നെ താത്രി പിടിതരുന്നുണ്ടായിരുന്നില്ല.

നാശങ്ങൾ ഒരുത്തനേയും വെറുതെ വിടില്ല. സ്മാർത്തൻ അലറി.ഉം എന്തേ ഉന്നതങ്ങളിലിരിക്കുന്നവർ വികാരങ്ങൾക്ക് അതീതരാണോ? പാറുവമ്മ മുരണ്ടു.അവരുടെ കണ്ണിൽ അതു വരെ ഒളിപ്പിച്ചുവെച്ചിരുന്ന ഒരു അഗ്നികത്തിയമരുന്നത് ഒരു നൊടിയിട സ്മാർത്തൻ കണ്ടു.

അയാളുടെ ഉള്ളിൽ മിന്നായം പോലെ ഒരു ചിന്ത. പാറുവമ്മ ''' താത്രിയുടെ ഉത്തരങ്ങൾ തനിക്ക് പകർത്തി തരുന്ന പാറുവമ്മ '' '' തന്റെ ചോദ്യങ്ങൾ താത്രിയോട് പകർത്തുന്ന പാറുവമ്മ .ഈ ചോദ്യോത്തര പംക്തിയിൽ പാറുവമ്മയുടെ മനസ്സും ഇഴചേർന്നിട്ടുണ്ടാകുമോ? ഇത് ശരിയാവില്ല. സ്മാർത്തൻ തന്റെ വെള്ളിച്ചെല്ലം ആഞ്ഞടച്ചു.

ഇത് ശരിയാവില്ല പാറുവമ്മയും അത് തന്നെയാണ് ചിന്തിച്ചത്. വേളി കഴിഞ്ഞ് താത്രി എത്തിയ നാൾ തൊട്ട് താത്രിയുടെ നിഴലായിരുന്ന താൻ .ഒരാൾ തൊട്ട കഥ പാറുവമ്മയ്ക്ക് അസ്സലായറിയാം. കെട്ടുതാലിയുടെ ചതി. അവിടുന്നങ്ങോട്ടുള്ള കാര്യങ്ങളൊക്കെ പാറുവമ്മയ്ക്ക് അജ്ഞാതമാണ്. ഈയൊരു നുണ പരിശോധനയോടു കൂടി ഈ പരിപാടി അവസാനിപ്പിക്കണം' മനസ്സിലടിച്ച കൊടുംകാറ്റിനെ പിടിച്ചമർത്താൻ ശ്രമിച്ചു കൊണ്ട് പാറുവമ്മ പുറം കാഴ്ചകളിലേയ്ക്ക് തിരിഞ്ഞു.പുറത്ത് വെയിലിന് കനം കുറയുന്ന

ആടിയാടിയുള്ള ഈ ഉറക്കം ഇത് ശരിയാവില്ല. താത്രി പതുക്കെ കണ്ണ് തുറന്നു. പിന്നിട്ട നഗര മിപ്പോഴും പൂർണ്ണമായും അകന്ന് മാറിയിട്ടില്ല.കുണ്ടും കുഴികളും നിറഞ്ഞ റോഡിലൂടെ ജീപ്പ് ഓടിക്കൊണ്ടേയിരുന്നു. പെട്ടെന്ന് ഡ്രൈവർ ബ്രേക്ക് ആഞ്ഞ് ചവിട്ടി .ഒരു നിമിഷാർദ്ധത്തിന്റെ വ്യത്യാസത്തിൽ ഒരു പൂച്ച രക്ഷപ്പെട്ടിരിക്കുന്നു. ഡ്രൈവർ സൂക്ഷിച്ചു നോക്കി.പൂച്ചയുടെ വായിൽ കിടന്ന് പിടയുന്ന ഒരു കുറ്റൻ എലി.സ്മാർട്ട് ഫോണെടുക്കാൻ മറന്ന ആ നിമിഷത്തെ അയാൾ കഠിനമായി ശപിച്ചു. അടിക്കുറിപ്പ് ആവശ്യപ്പെട്ടു കൊണ്ട് നെറ്റിൽ പറത്താമായിരുന്ന ആ ചിത്രത്തെ .ഛേ'.......

ഗ്രാമം അടുത്തു കൊണ്ടേയിരിക്കുന്നു എന്ന അറിവ് സ്മാർത്ത നിലും പാറുവമ്മയിലും താത്രിയിലും ഒരു പുതിയ ഉണർവ്വ് പകർത്തി.പെട്ടെന്നാണ് സ്മാർത്തനേറയും പാറുവമ്മയുടേയും കണ്ണുകൾ ഒരു നിഴലിൽ ഉടക്കിയത്.അല്ല ഒന്നല്ല രണ്ട് നിഴലുകളാണവ.അവർ എന്തോ മറച്ച് പിടിച്ച് ഓടുകയാണ്. തെണ്ടിപ്പരിഷകൾ സ്മാർത്തൻ പെട്ടെന്ന് തന്നെ കണ്ണുകൾ പിൻവലിച്ചു. പക്ഷേ പാറുവമ്മയുടെ കണ്ണുകൾ അവർ ബലമായി പിടിച്ചു കൊണ്ടു പോകുന്ന കുഞ്ഞു ജീവനിലായിരുന്നു.എന്റെ കുഞ്ഞേ.,....... ഉയർന്ന് വന്ന തേങ്ങലിനെ മഥിച്ചു കൊണ്ട് അവരുടെ മനസ്സിൽ ഒരു ചിന്ത ഉയർന്നു. ആ കുഞ്ഞു ജീവനിലേയ്ക്ക് പരകായപ്രവേശനം നടത്തുവാൻ താത്രിയുടെ കാഴ്ചകളെ അതിന് നേർക്ക് തിരിക്കണോ?

നഷ്ടപ്പെട്ടു പോയ ചിത്രത്തെക്കുറിച്ച് ആകുലപ്പെട്ടുകൊണ്ടിരിക്കുന്ന ഡ്രൈവർ പക്ഷേ പുതിയ ചിത്രത്തിന്റെ അടിക്കുറിപ്പിനെക്കുറിച്ച് ചിന്തിച്ചതേയില്ല:

പ്രിയ.എം (ശാസ്ത്ര അധ്യാപിക )



എൻ സഹല പി കെ

# ഹൃദയതാളങ്ങൾ!!!

മറയുന്ന പകലുകൾ
അഴലിന്റെ നിഴലുകൾ
ഇഴപാകുമീ നീണ്ട -
വഴികളിൽ മുള്ളുകൾ
നിറയുന്നു, പാതി വിടർന്ന്
പൂ വാടുന്നു, ദീർഘ
നിശ്വാസങ്ങളുതിരുന്നു .......
ചുറ്റിലും സങ്കടക്കാഴ്ചകൾ!
ഭീതിതൻ കാളിമ
പൊഴിയുമീ വഴികളിൽ


പണ്ടു നാം കേട്ട രാ-
ക്കിളികൾ തൻ കൂജനം.
ഒരു നേർത്ത മൂക
വിഷാദ സംഗീതമാ-
യലിയുന്നു നമ്മൾ തൻ
ഹൃദയതാളങ്ങളിൽ!
മറയുന്ന പകലുകൾ
അസ്തമയ ശോണിമ
നിറയുന്നൂ നമ്മൾ തൻ
ചക്രവാകങ്ങളിൽ!!!

*നിരഞ്ജന കെ (9L)*

കവിത കെ പി
9H

# தாய்

ஆயிரம்
சொந்தங்கள்
அனைத்திட
இருந்தாலும்
அன்னையே
உன்னை போன்று
அன்பு செய்ய
யாரும் இல்லை
இவ் உலகில்






മിഷാൽ കെ

# പുരസ്കാര നിറവിൽ

## അക്ഷയ് വെങ്കിടേഷ്

ഗണിത ശാസ്ത്രത്തിലെ നൊബേൽ സമ്മാനം എന്നറിയപ്പെടുന്ന 'ഫീൽഡ്സ് മെഡൽ ' നേടിയ ഇന്ത്യൻ വംശജനാണ് അയയ് വെങ്കടേഷ് .

നമ്പർ തിയറി, ലീനിയർ ആൾജിബ്രാ,ടോ ചോളജി -എർഗോഡിക്ക് സിദ്ധാന്തം എന്നിവയാണ് ഗണിത ശാസ്ത്രത്തിനുള്ള അദ്ദേഹത്തിൻ്റെ സംഭാവനകൾ 12-ാം വയസ്സിൽ ഇൻ്റർ നാഷനൽ ഫിസിക്സ് ഒളിമ്പ്യാഡ് ,ഇൻ്റർനാഷണൽ മാത്തമറ്റിക്കൽ ഒളിമ്പ്യാഡ് എന്നിവിടങ്ങളിൽ മെഡൽ നേടിയ ഒരേയൊരു ആസ്ട്രേലിയൻ ആണ് അദ്ദേഹം

1981 നവംബർ 21ന് ന്യൂ ഡെൽഹിയിലാണ് ജനനം.സലിം സമ്മാനം, ശാസ്ത്ര രാമാനുജൻ പുരസ്കാരം, ഇൻഫോസിസ് പുരസ്കാരം, ഒട്രോസ്കി പുരസ്കാരം എന്നിവയും നേടിയിട്ടുണ്ട്. ഫീൽഡ്സ് മെഡൽ നേടുന്ന രണ്ടാമത്തെ ഇന്ത്യൻ വംശജനാണ് അക്ഷയ് വെങ്കടേഷ് .

കഥ

# പുതുവർഷം

നക്ഷത്രങ്ങൾ സ്വപ്നങ്ങൾ ഭൂമിയിൽ കോരിയ പുണ്യം പിറന്നുണർന്നേറ്റു

പൂമൊട്ടിനുണ്ടു തിടുക്കം പുലരിയ്ക്കു പൂവായ് വിരിഞ്ഞു ചിരിക്കാൻ ക്രിസ്തുമസ് ഗീതങ്ങൾ മാലാഖ രാവിന്റെ സത്യം പൊലിപ്പിച്ചു കാട്ടി -

മഞ്ഞിൽ കുതിർന്ന നിലാവിൻ്റെ നെറ്റിയിൽ ചന്ദനം ചാർത്തിയ സന്ധ്യ

പൊന്നുഷസ്സേ വരൂ ,

പുത്തൻ പ്രതീക്ഷയിൽ സിന്ദൂര രശ്മികൾ പാകൂ.

സ്നേഹ പ്രഭാവം പൊലിപ്പിച്ചു ജീവനിൽ മോഹപുതുവർഷമേകൂ .....

നിരഞ്ജന കെ (9L)

# സൂചിയും നൂലും

ഷബ്ന ഷെറി
10 L

അടർന്നു പോയ
അവന്റെ ഓർമകളെ
തുന്നിചേർക്കാൻ
സൂചിയും നൂലും
എടുത്തപ്പോഴാണ്
ഒന്നിക്കാനുള്ള പ്രയാസവും
പിരിയാനുള്ള എളുപ്പവും
ഞാനോർത്തത്

സൂചിയൊരാണും
നൂലൊരു പെണ്ണുമാവണം
അത് കൊണ്ട് തന്നെയാവണം
സൂചിയുടെ തുളയേക്കാൾ
നൂല് ചെറുതാവുമ്പോൾ
അവരുടെ ബന്ധം
പൂവണിയുന്നതും

# ഗണിത വിശേഷങ്ങൾ

സംഖ്യകൾക്ക് ആദ്യമായി നിർവ്വചനം നല്കിയത് - യൂക്ലിഡ്

പ്രകൃതിയിലെ എല്ലാ പ്രതിഭാസങ്ങളെയും സംബന്ധിച്ച കൃത്യമായ അറിവിൻ്റെ അടിത്തറ ഗണിത ശാസ്ത്രമാണെന്ന് അഭിപ്രായപ്പെട്ടത് - ഡേവിഡ് ഹിൽബർട്ട്

''പൈ''യുടെ വില ഓർമ്മിക്കാൻ രാമാനുജൻ കണ്ടെത്തിയ വാക്യം - May I have a large Container of Coffee- 3 .1415926

Mathematics എന്ന പദത്തിൻ്റെ അർത്ഥം - പഠിച്ച സംഗതികൾ

19ാം നൂറ്റാണ്ടിലെ നോർവ്വീജിയൻ നീൽസ് ഹെൻടക് ആബേലിൻ്റെ സ്മരണാർത്ഥം 2003ലാണ് ആബേൽ പുരസ്കാരം നൽകിത്തുടങ്ങിയത്

Awaken the Genious in your world എന്ന പുസ്തകം രചിച്ചത് - ശകുന്തളാ ദേവി


ഗണിത ക്ലബ്



എൻ സഹല പി കെ



വിഷ്ണു കെ



അക്ഷയ് കെ

# Talking Library

